## NATIONAL EMPLOYMENT SERVICE (KERALA)

# EMPLOYMENT INFORMATION BULLETIN

*APRIL 2024*

**Published by**

**University Employment Information & Guidance Bureau,**
**Calicut University**
**Ph:0494 2405540**

**Chief**
**Dr.C.C.Harilal**
**professor,Department of Botony**

**Deputy Chief**
**Ammar.T**

| Sl.No | Contents | Page No. |
|---|---|---|
| 1 | NOTIFICATIONS | 3-7 |
| 2 | CAREER ARTICLES | 8-14 |
| 3 | IMPORTANT DAYS IN APRIL | 15-16 |

## നവോദയ വിദ്യാലയങ്ങളിൽ 1377 നോൺ ടീച്ചിംഗ് ഒഴിവുകൾ | കേരളത്തിലും അവസരം

മൾട്ടി ടാസ്കിംഗ് സ്റ്റാഫ്, സ്റ്റാഫ് നഴ്സ്, സ്റ്റെനോഗ്രാഫർ, മെസ് ഹെൽപ്പർ തുടങ്ങി നിരവധി ഒഴിവുകൾ കേരളത്തിൽ 4 പരീക്ഷ കേന്ദ്രങ്ങൾ പത്താംക്ലാസ് മുതൽ യോഗ്യത ഉള്ളവർക്ക് അപേക്ഷ സമർപ്പിക്കാം

കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക:- https://navodaya.gov.in/nvs/en/Recruitment/Notification-Vacancies/
അവസാന തിയ്യതി: ഏപ്രിൽ 30

## IIT മദ്രാസിൽ ഓൺലൈനായി B.S പ്രോഗ്രാം പഠിക്കാം

ഡേറ്റ സയൻസ്, ഇലക്ട്രോണിക് സിസ്റ്റംസ് എന്നിവയിൽ ഓൺലൈനായുള്ള 4 വർഷ ബിഎസ് ഡിഗ്രി പ്രോഗ്രാമിന് ഐഐടി മദ്രാസ് അപേക്ഷ ക്ഷണിച്ചു.ജെഇഇ യോഗ്യതയുള്ളവർക്ക് നേരിട്ട് പ്രവേശനം. മറ്റുള്ളവർക്കു പ്രത്യേക പരീക്ഷയുണ്ട്. എൻജിനീയറിങ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് തുടങ്ങി എല്ലാ വിഭാഗങ്ങളിൽനിന്നുള്ളവർക്കും അപേക്ഷിക്കാം. സാമ്പത്തിക പിന്നാക്കക്കാർക്ക് 75% സ്കോളർഷിപ്.
അവസാന തീയതി: മേയ് 26
വിശദ വിവരങ്ങൾക്ക്:- https://study.iitm.ac.in/ds

## സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ ഈ വർഷത്തെ SSC JE വിജ്ഞാപനം പ്രസിദ്ധീകരിച്ചു | 968 ഒഴിവുകൾ

CPWD, MES, BRO, Naval, NTRO തുടങ്ങി നിരവധി ഡിപ്പാർട്മെന്റുകളിൽ ജോലി നേടാൻ അവസരം ഓൺലൈനായി അപേക്ഷിക്കാം.അവസാന തിയ്യതി: ഏപ്രിൽ 18
കൂടുതൽവിവരങ്ങൾക്ക് ലിങ്ക്സന്ദർശിക്കുക:-
https://ssc.gov.in/api/attachment/uploads/masterData/NoticeBoards/notice_28032024.pdf

## SET ജൂലൈ 2024: (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) ; അപേക്ഷ ഏപ്രിൽ 15 വരെ

ഹയർ സെക്കൻഡറി, നോൺ വൊക്കേഷണൽ ഹയർസെക്കൻഡറി അധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) പരീക്ഷയ്ക്ക് ഏപ്രിൽ 15 വരെ അപേക്ഷിക്കാം.സെറ്റ് ജൂലൈ 2024-ന്റെ പ്രോസ്പെക്ടസും, സിലബസും www.lbscentre.kerala.gov.in ൽ ലഭിക്കും.

**യോഗ്യത:**

ബിരുദാനന്തര ബിരുദ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡും, ബി.എഡ്-ഉം ആണ് അടിസ്ഥാന യോഗ്യത.ചില പ്രത്യേക വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെ ബി.എഡ്. വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.LTTC, DLED തുടങ്ങിയ ട്രെയിനിംഗ് കോഴ്സുകൾ വിജയിച്ചവരെ സെറ്റിന് പരിഗണിക്കും.എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്കും പി.ഡബ്ല്യൂ.ഡി. വിഭാഗത്തിൽപ്പെടുന്നവർക്കും ബിരുദാനന്തര ബിരുദത്തിന് 5 ശതമാനം മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.അടിസ്ഥാന യോഗ്യതയിൽ ഒന്നുമാത്രം നേടിയവർക്ക് നിബന്ധനകൾ പ്രകാരം സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കാം.പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദം മാത്രം നേടിയവർ ബി.എഡ് കോഴ്സ് അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർ ആയിരിക്കണം.അവസാനവർഷ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് പഠിക്കുന്നവർക്ക് ബി.എഡ്. ബിരുദം ഉണ്ടായിരിക്കണം.

നിബന്ധനകൾ പ്രകാരം സെറ്റ് പരീക്ഷ എഴുതുന്നവർ അവരുടെ പി.ജി./ബി.എഡ്. പരീക്ഷയുടെ നിശ്ചിത യോഗ്യത സെറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച തീയതി മുതൽ ഒരു വർഷത്തിനകം നേടിയിരിക്കണം. അല്ലാത്തപക്ഷം അവരെ ആ ചാൻസിൽ സെറ്റ് പരീക്ഷ പാസായതായി പരിഗണിക്കില്ല.

**അപേക്ഷ**

ഓൺലൈനായി ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യാം.

**പരീക്ഷാ ഫീസ്**

ജനറൽ/ഒ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്നവർ പരീക്ഷാ ഫീസിനത്തിൽ 1000 രൂപയും, എസ്.സി./എസ്.ടി./പി.ഡബ്ല്യൂ.ഡി. എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ 500 രൂപയും ഓൺലൈനായി ഒടുക്കണം.

പി.ഡബ്ല്യൂ.ഡി. വിഭാഗത്തിൽപെടുന്നവർ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെടുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസൽ, ഒ.ബി.സി. നോൺക്രീമീലെയർ വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അസൽ (2023 മാർച്ച് 17 നും 2024 ഏപ്രിൽ 15 നും ഇടയിൽ ലഭിച്ചതായിരിക്കണം.) എന്നിവ സെറ്റ് പാസാകുന്ന പക്ഷം അപേക്ഷയോടൊപ്പം ഹാജരാക്കണം.

പി.ഡബ്ല്യൂ.ഡി. വിഭാഗങ്ങളിൽപ്പെടുന്നവർ മാത്രം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺലൈൻ അപേക്ഷയോടൊപ്പം ഒക്ടോബർ 30 ന് മുമ്പ് തിരുവനന്തപുരം എൽ ബി എസ് സെന്ററിൽ ലഭിക്കത്തക്കവിധം അയയ്ക്കണം.

സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ നിർബന്ധമായും എൽ ബി എസ് സെന്ററിന്റെ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തിരിക്കണം. ഇതിനുള്ള നിർദ്ദേശം പ്രോസ്പെക്ടസിൽ വിശദമായി നൽകിയിട്ടുണ്ട്.

ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 15 ന് വൈകിട്ട് 5 ന് മുമ്പ് പൂർത്തിയാക്കണം.

**കൂടുതൽവിവരങ്ങൾക്ക്:**

https://lbsedp.lbscentre.in/

## കേന്ദ്രീയ വിദ്യാലയത്തിൽ ഒന്നാം ക്ലാസിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

കേന്ദ്രീയവിദ്യാലയത്തിൽ ഒന്നാം ക്ലാസിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഔദ്യോഗിക വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. ഏപ്രിൽ 15 വൈകിട്ട് അഞ്ച് മണി വരെ അപേക്ഷിക്കാം. ഇതിന് ശേഷം അപേക്ഷ വിൻഡോ പ്രവർത്തിക്കുന്നതല്ല. തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ആദ്യ ലിസ്റ്റ് ഏപ്രിൽ 19 ന് പ്രസിദ്ധീകരിക്കും. രണ്ടാം ഘട്ട ലിസ്റ്റ് ഏപ്രിൽ 29 ന് പ്രസിദ്ധീകരിക്കും. മെയ് 8 ന് മൂന്നാമത്തെ ലിസ്റ്റും പ്രസിദ്ധീകരിക്കും

2024 മാർച്ച് 31-ന് അഞ്ചുവയസ്സ് തികഞ്ഞവരും ആറുവയസ്സ് കവിയാത്തവരുമായിരിക്കണം അപേക്ഷകർ. ഒന്നിൽ കൂടുതൽ അപേക്ഷകൾ ഒരു വിദ്യാർത്ഥിയിൽ നിന്ന് തന്നെ ലഭിച്ചാൽ അവസാനത്തേത് പരിഗണിക്കും.

വിശദവിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കാം: https://kvsangathan.nic.in/

## CUCAT : കാലിക്കറ്റിൽ പി.ജി. / ഇന്റഗ്രേറ്റഡ് പി.ജി. പൊതുപ്രവേശന പരീക്ഷയ്ക്ക് ഏപ്രിൽ 15 വരെ അപേക്ഷിക്കാം

2024-25 അധ്യയന വർഷത്തെ കാലിക്കറ്റ് സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി. /ഇന്റഗ്രേറ്റഡ് പി.ജി., സർവകലാശാല സെന്ററുകളിലെ എം.സി.എ., എം.എസ്.ഡബ്ല്യു., ബി.പി.എഡ്., ബി.പി.ഇ.എസ്. ഇന്റഗ്രേറ്റഡ്, അഫിലിയേറ്റഡ് കോളേജുകളിലെ എം.പി.എഡ്., ബി.പി.എഡ്., ബി.പി.ഇ.എസ്. ഇന്റഗ്രേറ്റഡ്, എം.എസ്.ഡബ്ല്യു., എം.എ. ജേർണലിസം & മാസ് കമ്യൂണിക്കേഷൻ, എം.എസ്.സി. ഹെൽത്ത് & യോഗ തെറാപ്പി, എം.എസ്.സി ഫോറൻസിക് സയൻസ് പ്രോഗ്രാമുകളിലെ പ്രവേശനത്തിനായി നടത്തുന്നപൊതു പ്രവേശന പരീക്ഷക്ക് (CUCAT) ഓൺലൈനായി 15.04.2024 വരെ രജിസ്റ്റർ ചെയ്യാം.സർവകലാശാലാ പഠനവകുപ്പുകളിലെ ഓരോ പ്രോഗ്രാമുകളിലും ആകെയുള്ള സീറ്റുകളിൽ 10% കേരളീയരല്ലാത്തവർക്കായി അഖിലേന്ത്യാ സംവരണമാണ്.

തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും.

ബി.പി.എഡ്. / പി.ജി പ്രോഗ്രാമുകൾക്ക് അവസാന സെമസ്റ്റർ / വർഷ യു.ജി വിദ്യാർത്ഥികൾക്കും, *ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾക്ക് പ്ലസ് ടു വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്*പ്രവേശന സമയത്ത് നിശ്ചിത അടിസ്ഥാന യോഗ്യത നേടിയിരിക്കണം.

***അപേക്ഷാ ഫീസ്***

ഓരോ പ്രോഗ്രാമിനും ജനറൽ വിഭാഗത്തിന് 580/- രൂപയും എസ്.സി. / എസ്.ടി വിഭാഗത്തിനിന് 255/- രൂപയുമാണ് (എൽ.എൽ.എം. പ്രോഗാമിന് ജനറൽ വിഭാഗത്തിന് 790/- രൂപയും എസ്.സി. / എസ്.ടി വിഭാഗത്തിനിന് 370/- രൂപയുമാണ്).

ഓരോ അധിക പ്രോഗ്രാമിനും 85/- രൂപ അടയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ*

https://entrance.uoc.ac.in/

https://admission.uoc.ac.in/

# DRDO യിൽ ട്രൈനീ വിജ്ഞാപനം | ഓൺലൈനായി അപേക്ഷിക്കാം

ഡിഫൻസ് റിസർച്ച് & ഡെവലപ്മെൻ്റ് ഓർഗനൈസേഷനിൽ അവസരം
ഗ്രാജ്വേറ്റ് അപ്രൻ്റിസ്, ടെക്നീഷ്യൻ, ട്രേഡ് അപ്രൻ്റിസ് ഒഴിവുകൾ
കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക:- https://www.drdo.gov.in/drdo/careers
അവസാന തിയ്യതി: ഏപ്രിൽ 09

## പത്താം ക്ലാസ്സ് യോഗ്യത ഉള്ളവർക്ക് അറ്റൻഡർ ആവാം |

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർ പ്രൈസിന്റെ കിഴിൽ ആണ് അവസരം യോഗ്യത:
മിനിമം പത്താം ക്ലാസ്സ് | ഓൺലൈനായി അപേക്ഷിക്കാം തുടക്ക ശമ്പളം ₹16,500 രൂപ വരെ*
കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക:-https://www.ksie.net/careers
അവസാന തിയ്യതി: മെയ് 01

## കേരളത്തിലെ വിവിധ യൂണിവേഴ്‌സിറ്റി എൻട്രൻസ് പരീക്ഷകൾക്ക് അപേക്ഷ ക്ഷണിച്ചു

കാലിക്കറ്റ് സർവകലാശാല
ലാസ്റ്റ് ഡേറ്റ്: 15/04/2024
https://admission.uoc.ac.in/

കേരള സർവകലാശാല
ലാസ്റ്റ് ഡേറ്റ്: 30/04/2024
https://admissions.

എംജി സർവകലാശാല
ലാസ്റ്റ് ഡേറ്റ്:05/05/2024
https://cat.mgu.ac.in/

കണ്ണൂർ യൂണിവേഴ്സിറ്റി
ലാസ്റ്റ് ഡേറ്റ് :30/04/2024
https://admission.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല
ലാസ്റ്റ് ഡേറ്റ്:07/04/2024
https://admission.ssus.ac.in/

# KEAM 2024: ഏപ്രിൽ 17 വരെ അപേക്ഷിക്കാം

"KEAM-2024 Online Application" എന്ന ലിങ്ക് മുഖേന 2024 മാർച്ച് 27 മുതൽ ഏപ്രിൽ 17 വൈകുന്നേരം 5.00 മണിവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകരുടെ എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്, ജനനതീയതി, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ഫോട്ടോ, ഒപ്പ് എന്നിവ 2024 ഏപ്രിൽ 17-നകം അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിവിധ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ അപ്ലോഡ് ചെയ്യുന്നതിന് 2024 ഏപ്രിൽ 24 വൈകുന്നേരം 5:00 മണിവരെ അവസരം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയുടെ അക്നോളജ്മെന്റ് പേജിന്റെ പകർപ്പോ മറ്റ് അനുബന്ധ രേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. അപേക്ഷകൻ ഏതെങ്കിലും ഒരു കോഴ്സിനോ/എല്ലാ കോഴ്സുകളിലേക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. കേരളത്തിലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും മേൽ പറഞ്ഞ തീയതിക്കുള്ളിൽ "KEAM-2024 Online Application" എന്ന ലിങ്ക് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും, നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) നടത്തുന്ന നീറ്റ് യു.ജി 2024 പരീക്ഷ എഴുതി യോഗ്യത നേടേണ്ടതുമാണ്. കേരളത്തിലെ ആർക്കിടെക്ചർ കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽ പറഞ്ഞ തീയതിക്കുള്ളിൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ "KEAM- 2024 Online Application" എന്ന ലിങ്ക് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും കൗൺസിൽ ഓഫ് ആർക്കിടെക്ചർ (COA) നടത്തുന്ന NATA 2024 പരീക്ഷ എഴുതി യോഗ്യത നേടേണ്ടതുമാണ്.

*കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുവാനും* https://www.cee.kerala.gov.in

# +2 വിനു ശേഷമുള്ള കൊമേഴ്സ് പഠനം*

ബികോം, ബിബിഎ തുടങ്ങി കൊമേഴ്സ്, മാനേജ്മെന്റ് മേഖലയിലെ ബിരുദ പ്രോഗ്രാമുകൾ കേരളത്തിലെ വിവിധ കോളജുകളിലുണ്ട്. ഇവയ്ക്കുപുറമേ രാജ്യത്തെ വേറിട്ട ശ്രദ്ധേയ പ്രോഗ്രാമുകൾ ചുരുക്കിപ്പറയാം.

1) ഇന്റഗ്രേറ്റഡ് എംബിഎ:പ്രധാനമായും മൂന്ന് എൻട്രൻസ് പരീക്ഷകൾ
• IPMAT - Indore: ഇൻഡോർ, റാഞ്ചി ഐഐഎമ്മുകളിലേക്കും ഐഐഎഫ്ടി കാക്കിനഡയിലേക്കും നൽസാർ ഹൈദരാബാദിലേക്കും.
• IPMAT Rhotak: റോത്തക് ഐഐഎമ്മിലേക്ക്.
• JIPMAT: ജമ്മു, ബോധ്ഗയ ഐഐഎമ്മുകളിലേക്ക്.
നൽസാർ ഹൈദരാബാദിലേക്ക് നൽസാർ മാനേജ്മെന്റ് എൻട്രൻസ് ടെസ്റ്റുമുണ്ട്. മുംബൈ യൂണിവേഴ്സിറ്റി, നിർമ യൂണിവേഴ്സിറ്റി, NMIMS എന്നിവിടങ്ങളിലും ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് പ്രോഗ്രാമുകളുണ്ട്.

2) സിയുഇടി–യുജി വഴി വിവിധ പ്രോഗ്രാമുകൾ
• ഡൽഹി സർവകലാശാല: വിവിധ കോളജുകളിൽ ബിബിഎ, ബികോം, ബിഎംഎസ്, ബിവോക് (ഹെൽത്ത് കെയർ മാനേജ്മെന്റ് / ബാങ്കിങ് ഓപ്പറേഷൻസ് / റീട്ടെയ്ൽ മാനേജ്മെന്റ് & ഐടി, ബിസിനസ് ഇക്കണോമിക്സ്)
• രാജീവ് ഗാന്ധി നാഷനൽ ഏവിയേഷൻ യൂണിവേഴ്സിറ്റി അമേഠി: ബാച്‌ലർ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഇൻ ഏവിയേഷൻ സർവീസസ് & എയർ കാർഗോ
• തമിഴ്നാട് കേന്ദ്ര സർവകലാശാല: ബിബിഎ ടെക്സ്റ്റൈൽ ബിസിനസ് അനലിറ്റിക്സ്
• ബനാറസ് ഹിന്ദു സർവകലാശാല: ബികോം / ബികോം ഫിനാൻഷ്യൽ മാർക്കറ്റ് മാനേജ്മെന്റ്, ബിവോക് (മാർക്കറ്റിങ് & ഐടി / ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് / ബാങ്കിങ് / ഇൻഷുറൻസ് & റീട്ടെയ്ൽ / റീട്ടെയ്ൽ & ലോജിസ്റ്റിക്സ് / ഫാഷൻ ടെക്നോളജി / ഹോട്ടൽ മാനേജ്മെന്റ്)
• ഡൽഹി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി: ബിബിഎ
• ഫുട്‌വെയർ ഡിസൈൻ & ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്: ബിബിഎ റീട്ടെയ്ൽ & ഫാഷൻ മെർച്ചൻഡൈസ്
• ജാമിയ ഹംദാർദ്: ബിബിഎ
• ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റി: ബികോം കോ–ഓപ്പറേഷൻ, ബിബിഎ
• നിക്മാർ യൂണിവേഴ്സിറ്റി പുണെ: ഇന്റഗ്രേറ്റഡ് എംബിഎ
• കേരള കേന്ദ്ര സർവകലാശാല: ബികോം ബിഎഡ് (നാലു വർഷം)

3) പ്രഫഷനൽ യോഗ്യതകൾ: ചാർട്ടേഡ് അക്കൗണ്ടൻസി, കോസ്റ്റ് & മാനേജ്മെന്റ് അക്കൗണ്ടൻസി, കമ്പനി സെക്രട്ടറിഷിപ് തുടങ്ങിയ പ്രഫഷനൽ യോഗ്യതകൾക്കുള്ള പരിശീലനവും മികച്ച കരിയർ സാധ്യതകൾ തുറന്നുതരും.
4) സെന്റ് സേവ്യേഴ്സ് മുംബൈ: ബിഎംഎസ്, ബിഎംഎം ( മാർക്കറ്റിങ് മാനേജ്മെന്റ്)
5) കിറ്റ്സ് തിരുവനന്തപുരം: ബിബിഎ ടൂറിസം മാനേജ്മെന്റ്
ഹ്യുമാനിറ്റീസ് & സോഷ്യൽ സയൻസസ് മേഖലയിലെ വിവിധ പ്രോഗ്രാമുകളും പരിഗണിക്കാവുന്നതാണ്.
-

## ആരോഗ്യമേഖലയിൽ ലോകത്തെമ്പാടും അവസരങ്ങളുള്ള മൂന്ന് കോഴ്സുകൾ പഠിക്കാം

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരളയും മലബാർ ക്യാൻസർ സെന്ററും സംയുക്തമായി ക്യാൻസർ പരിചരണ രംഗത്ത് ഏറെ ഡിമാൻഡുള്ള നൈപുണ്യ പരിശീലന കോഴ്സുകൾ തുടങ്ങുന്നു. നഴ്സിങ് മേഖലയിലെ സ്പെഷ്യലൈസേഷൻ സാധ്യമാക്കുന്ന കീമോതെറാപ്പി നഴ്സിങ്, മോളിക്കുലർ ടെക്നിക്സ് ഫോർ ക്ലിനിക്കൽ അപ്ലിക്കേഷൻ, മെഡിക്കൽ സെക്രട്ടറി എന്നീ മൂന്ന് പ്രധാന കോഴ്സുകളാണ് മലബാർ ക്യാൻസർ സെന്ററിൽ ആരംഭിക്കുന്നതെന്ന് അസാപ് കേരള സിഎംഡി ഡോ. ഉഷ ടൈറ്റസ് പറഞ്ഞു. ആരോഗ്യമേഖലയിൽ ലോകത്തെമ്പാടും അവസരങ്ങൾ ഉള്ളതാണ് ഈ മൂന്ന് കോഴ്സുകളെന്നും അവർ പറഞ്ഞു. കോഴ്സുകൾ ഈ മാസം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

ക്യാൻസർ രോഗികൾ വർധിക്കുന്നതിനനുസരിച്ച് ചികിത്സാ രംഗത്ത് വിദഗ്ധരായ മെഡിക്കൽ പ്രൊഫഷനുകളുടെ അഭാവവും ഉണ്ട്. ഈ മേഖലയിൽ നിലവിൽ നഴ്സിങ് പഠിച്ചവരാണ് അനുബന്ധ പരിചരണങ്ങളെല്ലാം ചെയ്തു വരുന്നത്. എന്നാൽ പ്രത്യേകം നൈപുണ്യമുള്ളവരെ ഈ രംഗത്ത് ഏറെ ആവശ്യമാണ്. ഈ വിടവ് നികത്താനാണ് ക്യാൻസർ ചികിത്സാ രംഗത്തെ സ്പെഷ്യലൈസ്ഡ് നൈപുണ്യ വികസന കോഴ്സുകൾ അവതരിപ്പിച്ചത്.

മോളികുലാർ ടെക്നിക്സ് കോഴ്സിൽ ബയോടെക്നോളജി ആന്റ് അലൈഡ് സയൻസിൽ ബിടെക്/ എംടെക് ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. തിയറിയും പ്രാക്ടിക്കൽ പരിശീലനവും മലബാർ ക്യാൻസർ സെന്ററിൽ വെച്ച് നടക്കും. മെഡിക്കൽ സെക്രട്ടറി കോഴ്സിന് 6 മാസത്തെ സ്റ്റൈപ്പന്റോടു കൂടിയുള്ള ഇന്റേൺഷിപ് അവസരവും അസാപ് കേരള ഉറപ്പാക്കുന്നു. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് അസാപ് കേരളയും എം.സി.സിയും ചേർന്ന് സർട്ടിഫിക്കറ്റ് നൽകും. കൂടുതൽ വിവരങ്ങൾക്ക് 9495999713, വെബ്സൈറ്റ് https://asapkerala.gov.in/

## കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് നടത്തുന്ന DTP ഓപ്പറേഷൻ കോഴ്സ് പ്രവേശനത്തിനപേക്ഷിക്കാം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി- ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ കംപ്യൂട്ടർ ആന്റ് ഡി.റ്റി.പി ഓപ്പറേഷൻ കോഴ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിക്കുന്നു. അപേക്ഷകർ എസ്.എസ്.എൽ.സി പാസ്സായിരിക്കണം. നൂതന സാങ്കേതിക അച്ചടി രംഗത്ത് തൊഴിൽ സാദ്ധ്യത ഏറെ ഉള്ള കോഴ്സാണ്. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകും.

പ്രസ്തുത കോഴ്സിൽ പട്ടികജാതി, പട്ടികവർഗ്ഗ മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കുന്നതാണ്. ഒ.ബി.സി , എസ്.ഇ.ബി.സി മറ്റ് മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

ഈ സർട്ടിഫിക്കറ്റ് കേരളാ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ മുഖേന വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപയ്ക്ക് നേരിട്ടും, 130 രൂപയുടെ മണിഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ.എൽ.പി സ്കൂൾ ക്യാമ്പസ്, തോട്ടക്കാട്ടുകര പി.ഒ, ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും.
വിശദ വിവരങ്ങൾ പരിശീലന വിഭാഗത്തിലെ 0484-2605322, 9605022555 എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 30

## <u>സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന് അപേക്ഷിക്കാം</u>

ഹയർ സെക്കൻഡറി, നോൺ വൊക്കേഷണൽ ഹയർസെക്കൻഡറി അധ്യാപക നിയമനത്തിന് കേരള സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതല യോഗ്യതാ നിർണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) പരീക്ഷയ്ക്ക് മാർച്ച് 16 മുതൽ ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യാം. സെറ്റ് ജൂലൈ 2024-ന്റെ പ്രോസ്പെക്ടസും, സിലബസും www.lbscentre.kerala.gov.in ൽ ലഭിക്കും.

ബിരുദാനന്തര ബിരുദ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡും, ബി.എഡ്-ഉം ആണ് അടിസ്ഥാന യോഗ്യത. ചില പ്രത്യേക വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെ ബി.എഡ്. വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. LTTC, DLED തുടങ്ങിയ ട്രെയിനിംഗ് കോഴ്സുകൾ വിജയിച്ചവരെ സെറ്റിന് പരിഗണിക്കും. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്കും പി.ഡബ്ല്യൂ.ഡി. വിഭാഗത്തിൽപ്പെടുന്നവർക്കും ബിരുദാനന്തര ബിരുദത്തിന് 5 ശതമാനം മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

അടിസ്ഥാന യോഗ്യതയിൽ ഒന്നുമാത്രം നേടിയവർക്ക് നിബന്ധനകൾ പ്രകാരം സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. പോസ്റ്റ് ഗ്രാജ്വേറ്റ് ബിരുദം മാത്രം നേടിയവർ ബി.എഡ് കോഴ്സ് അവസാന വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർ ആയിരിക്കണം. അവസാനവർഷ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് പഠിക്കുന്നവർക്ക് ബി.എഡ്. ബിരുദം ഉണ്ടായിരിക്കണം. നിബന്ധനകൾ പ്രകാരം സെറ്റ് പരീക്ഷ എഴുതുന്നവർ അവരുടെ പി.ജി./ബി.എഡ്. പരീക്ഷയുടെ നിശ്ചിത യോഗ്യത സെറ്റ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച തീയതി മുതൽ ഒരു വർഷത്തിനകം നേടിയിരിക്കണം. അല്ലാത്തപക്ഷം അവരെ ആ ചാൻസിൽ സെറ്റ് പരീക്ഷ പാസായതായി പരിഗണിക്കില്ല.

ഈ പരീക്ഷയ്ക്ക് ഓൺലൈനായി മാർച്ച് 16 മുതൽ ഏപ്രിൽ 15 വരെ രജിസ്റ്റർ ചെയ്യാം. ജനറൽ/ഒ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്നവർ പരീക്ഷാ ഫീസിനത്തിൽ 1000 രൂപയും, എസ്.സി./എസ്.ടി./പി.ഡബ്ല്യൂ.ഡി. എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ 500 രൂപയും ഓൺലൈനായി ഒടുക്കണം. പി.ഡബ്ല്യൂ.ഡി. വിഭാഗത്തിൽപെടുന്നവർ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെടുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസൽ, ഒ.ബി.സി. നോൺക്രീമീലെയർ വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അസൽ (2023 മാർച്ച് 17 നും 2024 ഏപ്രിൽ 15 നും ഇടയിൽ ലഭിച്ചതായിരിക്കണം.) എന്നിവ സെറ്റ് പാസാകുന്ന പക്ഷം അപേക്ഷയോടൊപ്പം ഹാജരാക്കണം.

പി.ഡബ്ല്യൂ.ഡി. വിഭാഗങ്ങളിൽപ്പെടുന്നവർ മാത്രം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺലൈൻ അപേക്ഷയോടൊപ്പം ഒക്ടോബർ 30 ന് മുമ്പ് തിരുവനന്തപുരം എൽ ബി എസ് സെന്ററിൽ ലഭിക്കത്തക്കവിധം അയയ്ക്കണം.

സെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ നിർബന്ധമായും എൽ ബി എസ് സെന്ററിന്റെ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്തിരിക്കണം. ഇതിനുള്ള നിർദ്ദേശം പ്രോസ്പെക്ടസിൽ വിശദമായി നൽകിയിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 15 ന് വൈകിട്ട് 5 ന് മുമ്പ് പൂർത്തിയാക്കണം. കൂടുതൽവിവരങ്ങൾക്ക്: www.lbscentre.kerala.gov.in ൽ ലഭിക്കും.

## ഇലക്ട്രിക് വാഹനരംഗത്തേക്ക് കരിയർ മാറ്റി പിടിച്ചാലോ; ഐഐടി ഡൽഹിയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡൽഹിയിൽ ഇലക്ട്രിക്കൽ വെഹിക്കിൾസ് ആൻഡ് ചാർജിങ് ഇൻഫ്രസ്ട്രക്ചറിൽ സർട്ടിഫിക്കറ്റ് കോഴ്സിന് ചേരാൻ അവസരം. വൈദ്യുത വാഹനങ്ങളുടെ വർധിച്ചു വരുന്ന സാധ്യത പരിഗണിച്ചാണ് ഇത്തരമൊരു കോഴ്സ് ഡിസൈൻ ചെയ്തിരിക്കുന്നത്. വിജയകരമായി പൂർത്തിയാക്കിയ ഒന്നാം ബാച്ചിന് ശേഷം ഐഐടി ഡൽഹി സംഘടിപ്പിക്കുന്ന രണ്ടാം ബാച്ചാണിത്. ഈ രംഗത്തെ നൈപുണ്യ വികസനമാണ് പ്രധാനമായും ഈ കോഴ്സ് ലക്ഷ്യം വെയ്ക്കുന്നതെന്ന് ഐഐടി ഡൽഹി പുറത്തിറക്കിയ പത്ര പ്രസ്താവനയിൽ പറയുന്നു.

അഞ്ച് മാസത്തെ 55 മണിക്കൂർ ഓൺലൈൻ പ്രോഗ്രാമാണ് ഈ കോഴ്സ്. ഈ രംഗത്തെ പുതിയ ഉത്പനങ്ങൾ, പ്രവർത്തനങ്ങൾ, മാറ്റങ്ങൾ. ഇവയിലൂടെ ലഭിക്കുന്ന സുസ്ഥിരത എന്നിവയെല്ലാം ഉൾപ്പെടുത്തിയതാണ് ഈ കോഴ്സ് സിലബസ് തയ്യാറാക്കിയിരിക്കുന്നത്
ജൂൺ 15 മുതൽ നവംബർ 16 വരെയാണ് കോഴ്സ് ദൈർഘ്യം. ഐഐടി ഡൽഹിയിലെ അധ്യാപകരും ഈ മേഖലയിലെ വിദഗ്ദരുമാണ് കോഴ്സ് നയിക്കുന്നത്. ശനി ഞായർ ദിവസങ്ങളിൽ വൈകിട്ട് 3 മുതൽ 4.30 വരെയാണ് ക്ലാസുകൾ.

യോഗ്യത: ഏതെങ്കിലും വിഷയത്തിലെ ബിഇ/ബിടെക്ക്/എംഇ/എംടെക്ക് അല്ലെങ്കിൽ ബിഎസ്സി/എംഎസ്സി ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ അല്ലെങ്കിൽ ഇലക്ട്രോണിക്സിലുള്ള എൻജിനീയറിങ് ഡിപ്ലോമ/ ബന്ധപ്പെട്ട മേഖലയിലെ ഒരു വർഷത്തെ തൊഴിൽ പരിചയം. 1,82,900 രൂപയാണ് കോഴ്സ് ഫീസ്.

## അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയിൽ ബി.എഡ് ചെയ്യാം..

അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള അലിഗഢ് (ഉത്തർപ്രദേശ്), മുർഷിദാബാദ് (പശ്ചിമ ബംഗാൾ), മലപ്പുറം (കേരളം) എന്നീ മൂന്നു ക്യാമ്പസുകളിലും ഒരുപോലെ ലഭ്യമാവുന്ന കോഴ്സാണ് B.Ed.

*അലിഗഢിലെ B. Ed കോഴ്സിന്റെ പ്രത്യേകതകൾ എന്തെല്ലാം?*

 ഡബിൾ മെയിൻ B. Ed (ഒരേ സമയം 2 വിഷയങ്ങളിൽ ബി.എഡ് ലഭിക്കുന്നു)
 ഏറ്റവും കുറഞ്ഞ ചിലവിലുള്ള പഠനം.
 പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണം.
 CBSE സ്കൂളുകളിൽ അധ്യാപക പരിശീലനം
 വിവിധ സാംസ്കാരിക പൈതൃകമുള്ള വിവിധ ഭാഷക്കാരായ സഹപാഠികളുടെ സമ്പർക്കം.
 മികച്ച അടിസ്ഥാന സൗകര്യങ്ങൾ

*പ്രവേശനം എങ്ങനെ?*

ദേശീയ തലത്തിൽ നടത്തപ്പെടുന്ന പ്രവേശന പരീക്ഷയിലൂടെ ലഭ്യമാവുന്ന റാങ്ക് അടിസ്ഥാനത്തിലാണ് അലിഗഡ് യൂണിവേഴ്സിറ്റിയുടെ 3 ക്യാമ്പസുകളിലേക്കുമുള്ള പ്രവേശനം.

*ആർക്കെല്ലാം അപേക്ഷിക്കാം...?*
പ്രസ്തുത വിഷയത്തിൽ 50% മാർക്കോടു കൂടിയ BA/Bsc/B.com/B.Th ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.

*ഡബിൾ മെയിൻ ബി.എഡ് എന്നാൽ എന്താണ്?*

2 വർഷം കൊണ്ട് നിങ്ങൾക്ക് 2 വിഷയത്തിൽ ബി.എഡ് ലഭിക്കും. 2 വിഷയത്തിലും അധ്യാപക പരിശീലനവും മറ്റുമെല്ലാം ഒരുപോലെയായിരിക്കും. ഡിഗ്രിയിൽ നിങ്ങൾ പഠിച്ച മുഖ്യ വിഷയത്തിന് പുറമെ അതോടൊപ്പം 4 സെമസ്റ്ററിലെങ്കിലും നിങ്ങൾ പഠിച്ചിട്ടുള്ള 8 ൽ കൂടുതൽ credit ഉള്ള AMU ൽ ലഭ്യമായിട്ടുള്ള മറ്റൊരു വിഷയം കൂടി നിങ്ങൾക്ക് അഡ്മിഷൻ സമയത്ത് തിരഞ്ഞെടുക്കാവുന്നതാണ്.

*അപേക്ഷിക്കുന്നതിന് പ്രായപരിധിയുണ്ടോ?*

അതെ, 2024 ജൂലായ് 1ന് 27 വയസിൽ കവിയരുത്.

*ഒരോ വിഷയത്തിലും എത്രത്തോളം സീറ്റുകളുണ്ട്?*

*A) മലപ്പുറം സെന്റർ*

അറബിക് - 3, ഇംഗ്ലീഷ് - 7, ഹിന്ദി - 2, മലയാളം - 4, ഉർദു - 2, സിവിക്സ് - 3, കൊമേഴ്സ്-3, എക്കണോമിക്സ്-3,ജോഗ്രഫി - 3,ഹിസ്റ്ററി - 3
ഇസ്ലാമിക് സ്റ്റഡീസ് - 3, ബയോളജിക്കൽ സയൻസ് - 4, ഫിസിക്കൽ സയൻസ് - 4, മാത്തമാറ്റിക്സ് - 6
ആകെ - 50

*B) അലിഗഡ് ക്യാമ്പസ്*

അറബിക് - 2, ഇംഗ്ലീഷ് - 13, ഹിന്ദി - 9, പേർഷ്യൻ - 2, സംസ്കൃതം - 2, ഉർദു - 11, സിവിക്സ് - 4, കൊമേഴ്സ് - 2, എക്കണോമിക്സ് - 4, ഫൈൻ ആർട്സ് - 2, ജോഗ്രഫി - 4, ഹിസ്റ്ററി - 4, ഇസ്ലാമിക് സ്റ്റഡീസ് - 2, തിയോളജി - 2, ബയോളജിക്കൽ സയൻസ് - 10, ഹോം സയൻസ് - 4, ഫിസിക്കൽ സയൻസ് - 10, മാത്തമാറ്റിക്സ് - 13
ആകെ - 100

*C) മുർഷിദാബാദ് സെന്റർ*

അറബിക് - 3, ബംഗാളി - 4, ഇംഗ്ലീഷ് - 7, ഹിന്ദി - 3, ഉർദു - 3, സിവിക്സ് - 3, കൊമേഴ്സ് - 3, എക്കണോമിക്സ് - 3, ജോഗ്രഫി - 3, ഹിസ്റ്ററി - 3, ബയോളജിക്കൽ സയൻസ്-4, ഫിസിക്കൽ സയൻസ് -4, മാത്തമാറ്റിക്സ് - 7
ആകെ - 50

*എല്ലാ വിഷങ്ങൾക്കും ഒരേ പ്രവേശന പരീക്ഷയാണോ?*

അതെ, എല്ലാവർക്കും പൊതു പ്രവേശന പരീക്ഷയാണ്. നിങ്ങളുടെ വിഷയ സംബന്ധമായ യാതൊരു ചോദ്യവും പ്രവേശന പരീക്ഷയിൽ ഉണ്ടാവുന്നതല്ല.

*എൻട്രൻസ് പരീക്ഷയുടെ സിലബസ് എങ്ങനെയാണ്?*

4 വിഷയങ്ങളിൽ നിന്നായി 100 മാർക്കിനുള്ള 100 ചോദ്യങ്ങൾ.
1) Reasoning
2) General English
3) Teaching Aptitude
4) Current educational affairs

*നെഗറ്റീവ് മാർക്ക് ഉണ്ടോ?*
അതെ, ഒരു ഉത്തരം തെറ്റിയാൽ 0.25 മാർക്ക് കുറയും. അതായത് 4 തെറ്റായ ഉത്തരത്തിന് 1 മാർക്ക് കുറയും.

*എവിടെയെല്ലാം പരീക്ഷ സെന്ററുകളുണ്ട്?*

മൂന്ന സെന്ററുകളിലായാണ് ബി.എഡ് പ്രവേശന പരീക്ഷ നടക്കുന്നത്. അലിഗഢ് (UP), കൊൽക്കത്ത (W.B), കോഴിക്കോട് (KERALA)

*അപേക്ഷ ഫീസ് ? അവസാന തിയ്യതി ?*

800 രൂപ. 21-03-2024 മുതൽ അപേക്ഷിക്കാവുന്നതാണ്. അവസാന തിയ്യതി 16-04-2024. കൂടാതെ ഫൈനോട് കൂടെ 1100 രൂപ അടച്ച് 23-04-2024 വരെയും അപേക്ഷിക്കാവുന്നതാണ്.

*അഡ്മിഷൻ സമയത്ത് ഏതെങ്കിലും സർട്ടിഫിക്കറ്റ് ആവിശ്യമാണോ?*
റിസർവേഷൻ സർട്ടിഫിക്കറ്റ്, അപ്ലൈ ചെയ്യുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതില്ല. എന്നാൽ റിസർവേഷൻ സെലക്ട് ചെയ്യേണ്ടതുണ്ട്.
നിങ്ങളൊരു ഒബിസി വിഭാഗക്കാരനാണെങ്കിൽ അത് തെളിയിക്കുന്നതിനാവിശ്യമായ *താലൂക്ക് ഓഫീസിൽ നിന്ന്* ലഭിക്കുന്ന നോൺ-ക്രീമിലയർ സർട്ടിഫിക്കറ്റ്,
നിങ്ങൾ അലിഗഢിലേക്കോ മുർഷിദാബാദിലേക്കോ അഡ്മിഷൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് Distance State (DS) റിസർവേഷൻ ലഭിക്കാനായി *താലൂക്ക് ഓഫീസിൽ നിന്നുള്ള* ഡൊമിസൈൽ സർട്ടിഫിക്കറ്റ് എന്നിവ അഡ്മിഷൻ ലഭിക്കുന്ന പക്ഷം അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സ്

കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ്സ് ഡവലപ്മെന്റ് (ഐഎച്ച്ആർഡി) പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ വിദ്യാർത്ഥികൾക്കായി നിർമ്മിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ കോഴ്സുകളാരംഭിക്കുന്നു.*
നിർമ്മിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ പരിചയപ്പെടുത്തുന്നതിനായി ആരംഭിക്കുന്ന "ABC's of AI"എന്ന *അഞ്ച് ദിവസത്തെ ഓൺലൈൻ കോഴ്സിലേക്ക്* പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നു

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി ഉൾപ്പെടെയുള്ള പുതുതലമുറ വൈജ്ഞാനികമേഖല ദൈനംദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. ഭാവിയിലെ തൊഴിൽ സാദ്ധ്യതകളും ടി മേഖലയിലെ സാങ്കേതിക വിദഗ്ധരുടെ ലഭ്യതക്കുറവും കാരണം ഉയർന്ന പ്രതിഫലം ലഭിക്കുന്ന മേഖലയായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിലകൊള്ളുന്നു. ലോകത്തിൽ വർധിച്ച വരുന്ന AI യുടെ വിവിധ ഉപയോഗങ്ങൾ ഈ രംഗത്തെ തൊഴിൽ സാധ്യതകളും വർദ്ധിക്കുകയാണ്. കേരള സർക്കാർ സ്ഥാപനമായ ഐഎച്ച്ആർഡി നിർമ്മിത ബുദ്ധിയെ ആസ്പദമാക്കി ഒരു International Conclave നടത്തുകയും നിർമ്മിത ബുദ്ധിയിൽ വിവിധ തരത്തിലുള്ള ട്രെയിനിങ്ങുകൾ നടത്തി വരികയുമാണ്. നിലവിൽ ഐഎച്ച്ആർഡി യിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ സയൻസ് തുടങ്ങിയ ആധുനിക സാങ്കേതിക മേഖലകളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരവുമുണ്ട്.

*2024 വർഷം "Year of Aritificial Intelligence"ആയി ഐഎച്ച്ആർഡി ആചരിക്കുകയാണ്.*

തദവസരത്തിൽ, ഹൈ സ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾക്കും നിർമ്മിത ബുദ്ധിയെ പരിചയപ്പെടുത്തുന്നതിനായി ഐഎച്ച്ആർഡി ആരംഭിക്കുന്ന കോഴ്സാണ് "ABC's of AI". 2024 ഏപ്രിൽ 15 മുതൽ 19 വരെ ഓൺലൈനായി നടത്തുന്ന പ്രസ്തുത കോഴ്സിന്റെ ഫീസ് 250 രൂപയാണ്.

| Important Days in aril | |
|---|---|
| April Dates | Name of Important Days in April |
| 1 April | **Odisha Foundation Day** |
| 1 April | **Aprils Fools' Day** |
| 1 April | Prevention of Blindness week |
| 2 April | **World Autism Awareness Day** |
| 4 April | **International Day of Mine Awareness** |
| 5 April | **National Maritime Day** |
| 7 April | **World Health Day** |
| 10 April | **World Homoeopathy Day (WHD)** |
| 11 April | **National Safe Motherhood Day (NSMD)** |
| 11 April | National Pet Day |
| 13 April | **Jallianwala Bagh Massacre** |
| 14 April | **B.R. Ambedkar Remembrance Day** |
| 17 April | **World Haemophilia Day** |
| 18 April | **World Heritage Day** |
| 21 April | **National Civil Service Day** |
| 22 April | **World Earth Day** |
| 23 April | **World Book and Copyright Day** |
| 24 April | **National Panchayati Raj Day** |
| 25 April | **World Malaria Day** |
| 26 April | **World Intellectual Property Day** |
| 28 April | **World Day for Safety and Health at Work** |

| | |
|---|---|
| 30 April | **World Veterinary Day** |
| 30 April | **Ayushman Bharat Diwas** |